

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കൂത്തുപറമ്പ് മുനിസിപ്പാലിറ്റി ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/ സി.15/1048/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 30/07/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കൂത്തുപറമ്പ് മുനിസിപ്പാലിറ്റി

സർ,

വിഷയം : കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും

അത്മേൽ എടുത്ത തീരുമാനത്ത്ിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവന്തപുരം (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവന്തപുരം (ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം, തിരുവന്തപുരം (ഉപരിപത്രം സഹിതം)
5. കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/ സി.15/1048/22

തീയ്യതി: 30/07/2022

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 05-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ശ്രീ. വിനോദ്. കെ. കെ.	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	06-07-2022	22-07-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
06-07-2022	22-07-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫിസർ (ഹ.ഗ്രേ)
ശ്രീ. പ്രദീപ് കുമാർ. എം, ഓഡിറ്റ് ഓഫിസർ
ശ്രീ. ഷിജു. എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീ. വിപിന വത്സരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീ. ശ്രീജ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. നിഖില. എ. എം, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. എം. സുകുമാരൻ.	ചെയർമാൻ	01-04-2020	11-11-2020

ശ്രീമതി. വി. സുജാത ടീച്ചർ	ചെയർപേഴ്സൺ	28-12-2020	31-03-2021
ശ്രീ. സജിത്ത് കുമാർ. കെ. കെ.	സെക്രട്ടറി	01-04-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അനീഷ്. കെ.	പ്രൊജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജന സെൽ	01-04-2020	31-03-2021
ശ്രീ. പ്രമോദ്. എൻ.	മുനിസിപ്പൽ എഞ്ചിനീയർ	01-04-2020	31-12-2020
ശ്രീ. വിനോദൻ. കെ.	മുനിസിപ്പൽ എഞ്ചിനീയർ	01-01-2021	31-03-2021
ശ്രീമതി. ബുഷറ. ടി. ടി.	കൃഷി ഓഫീസർ	01-04-2020	14-01-2021
ശ്രീമതി. അനുസ്മിത സോമരാജൻ.	കൃഷി ഓഫീസർ	15-01-2021	31-03-2021
ഡോ. ജീജ.	മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ	01-04-2020	31-03-2021
ഡോ. അരുൺ. പി. കെ.	മെഡിക്കൽ ഓഫീസർ ആയുർവേദം	01-04-2020	31-03-2021
ഡോ. സുധീര.	മെഡിക്കൽ ഓഫീസർ ഹോമിയോ	01-04-2020	31-03-2021

ഡോ. ധനഞ്ജയൻ. സി. പി.	സീനിയർ വെറ്റിനറി സർജൻ	01-04-2020	31-03-2021
ശ്രീമതി. രേഷ്മ. വി.	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2020	31-05-2020
ശ്രീമതി. രസ്ന സദൻ	ഐ സി ഡി എസ് സൂപ്പർവൈസർ	01-06-2020	25-12-2020
ശ്രീമതി, ബിന്ദുറാണി	ഐ സി ഡി എസ് സൂപ്പർവൈസർ	26-12-2020	23-01-2021
ശ്രീമതി. രജനി. പി.	ഐ സി ഡി എസ് സൂപ്പർവൈസർ	24-01-2021	31-03-2021
ശ്രീ. ബാബു. വി. വി.	ഹെഡ് മാസ്റ്റർ ജി.എച്ച്.എസ്	01-04-2020	21-07-2020
ശ്രീമതി. ഗീത. വി.	ഹെഡ് മാസ്റ്റർ ജി.എച്ച്.എസ്	22-07-2020	31-03-2021
ശ്രീമതി. പ്രീത. പി. വി.	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2020	31-03-2021

ഭരണ നിർവ്വഹണ കമ്മിറ്റി: 1. ശ്രീ. സജിത്ത് കുമാർ. കെ. കെ, സെക്രട്ടറി 2. ശ്രീ വിനോദൻ. കെ, മുനിസിപ്പൽ എഞ്ചിനീയർ 3. ശ്രീമതി. പ്രീത. പി. എം. സി.ഡി.പി.ഒ (12-11-2020 മുതൽ 20-12-2020 വരെ). 21-12-2020 ന് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു.

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	പുതുക്കിയ ബജറ്റ്	1-1-1
3	വാർഷിക കണക്കിലെ അപാകങ്ങൾ	1-2-1
4	വാർഷിക ധനകാര്യ പത്രിക.	1-2
5	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
6	ഫണ്ട് വിനിയോഗം	1-4
7	പദ്ധതി അവലോകനം.	1-5
8	അയ്യങ്കാളി- തൊഴിലുറപ്പ് പദ്ധതി	1-6
9	ക്ഷേമ പദ്ധതികൾ	1-7
10	ക്യാഷ് പരിശോധന	1-8
11	ആഭ്യന്തര നിയന്ത്രണം	1-9
12	വാർഡ് സഭ	1-10
13	റദ്ദാക്കിയ രസീത് പ്രകാരം വരവ് ചേർത്തു	1-11
14	വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കിയില്ല	1-12
15	വസ്തു നികുതി-ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന വസ്തു നികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല.	1-13
16	വിമുക്ത ഭടന്മാരുടെ വീടുകൾക്ക് നികുതി ഇളവ് -ഇളവ് അനുവദിച്ചത് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല.	1-14
17	മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല.	1-15
18	അനധികൃത കെട്ടിട നിർമ്മാണം-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.	1-16
19	തൊഴിൽ നികുതി - അപാകങ്ങൾ	1-17
20	തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരും തൊഴിൽ നികുതി ഒടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നില്ല.	1-18
21	ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ	1-19

22	ഭേദഗതി ഉത്തരവിനു ശേഷമുള്ള എഫ്.ടി.ഇ.ആൻഡ്.ഒ.എസ് ലൈസൻസ് പുതുക്കാനുള്ള അപേക്ഷകളിലെ മൂലധന നിക്ഷേപം പരിശോധിക്കപ്പെടുന്നില്ല.	1-20
23	സെക്രട്ടറിയുടെ ശമ്പളം സഞ്ചിത നിധിയിലേക്ക് തിരികെ അടവാക്കേണ്ടതാണ്.	1-21
24	കപാർട്ടേഴ്സ് വാടകയും വീട്ടുവാടക ബത്തയും ഒരേ സമയം അനുവദനീയമല്ല- ₹21000 തിരിച്ചടക്കേണ്ടതാണ്	1-22
25	വിവിധ സാമൂഹ്യ സുരക്ഷാപെൻഷനുകൾ- ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ അക്കൗണ്ടുകളിൽ തുക നിക്ഷേപിക്കുന്നു	1-23
26	ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല.	1-24
27	വിവിധ പദ്ധതികൾ-മരുന്നുകൾ ലഭ്യമായില്ല	1-25
28	അപ്രന്റിസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് - തുക തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.	1-26
29	വെറ്റിനറി ഹോസ്പിറ്റൽ വയറിങ്ങ്-അധിക തുക അനുവദിച്ചു- ₹4580 യുടെ ചെലവ് നിരാകരിക്കുന്നു.	1-27
30	ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അർഹതപ്പെട്ട ആനുകൂല്യം നൽകിയിട്ടില്ല	1-28
31	ഐ.കെ.എം.ന് വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.	1-29
32	വയോമിത്രം - സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല	1-30
33	പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ വെള്ളക്കരം മാത്രമാണ് ഒടുക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.	1-31
34	പ്രാഥമിക തുടർ വിദ്യാഭ്യാസ പരിപാടി- കൈപ്പറ്റും വിനിയോഗവും ഇല്ലാത്തത്	1-32

35	ഗ്യാസ് ശ്മശാനം നിർമ്മാണം അപാകതകൾ	1-33
36	പി.എം.എ.വൈ പദ്ധതി അവലോകനം	1-34
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	വെറ്റിനറി ഹോസ്പിറ്റൽ വയറിങ്ങ്-അധിക തുക അനുവദിച്ചു- ₹4580 യുടെ ചെലവ് നിരാകരിക്കുന്നു.	3-1
ഭാഗം 4		
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം	4-4
5	വായ്പ / വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	RECEIPT AND PAYMENT STATEMENT	
4	INCOME AND EXPENDITURE STATEMENT	
5	BALANCE SHEET	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയുടെ 2020-21 ലെ ബജറ്റ് 23-3-2020 ലെ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

മുന്നിരിപ്പ്	6,66,90,445
വരവ്	49,26,07,606
ആകെ	55,92,98,051
ചെലവ്	55,49,90,606
നീക്കിയിരിപ്പ്	43,07,445

1-1-1 പുതുക്കിയ ബജറ്റ്

കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയുടെ 2020-21 ലെ പുതുക്കിയ ബജറ്റ് 1 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്ക

മുന്നിരിപ്പ്	6,39,50,828
വരവ്	24,36,13,775
ആകെ	30,75,64,603
ചെലവ്	26,93,91,000
നീക്കിയിരിപ്പ്	3,81,73,603

1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ കൊടുക്കുന്നു.

1. വികസന ഫണ്ട് (ജനറൽ) സുലേഖ പ്രകാരമുള്ള ചെലവ് തു ധനകാര്യ പത്രിക I–6 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി (₹30648347) 6

2. ബാങ്ക്/ട്രഷറി റീകൺസിലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറ റീകൺസിലിയേഷൻ ശരിയായ രീതിയിലല്ല ചെയ്തിട്ടുള്ളത്. മുൻവർ കാലാവധി കഴിഞ്ഞതുമായ ചെക്കുകൾ പോലും അൺക്യാഷ്ഡ് കാലാവധി കഴിഞ്ഞ ചെക്കുകൾ, ലയബിലിറ്റി ഇൻ റസ്പെക്ട് ഓഫ് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വിവിധ അക്കൗണ്ടുകളുടെ റീകൺ പ്രകാരമുള്ള ബാങ്കിലെ നീക്കിയിരിപ്പും പാസ് ബുക്കി പൊരുത്തപ്പെടുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

അക്കൗണ്ട് വിവരങ്ങൾ	റീകൺസിലിയേഷൻ പത്രിക പ്രകാരമുള്ള ബാങ്കിലെ നീക്കിയിരിപ്പ് ₹	ബാങ്ക് പാസ് ബുക്കിലെ നീക്കിയിരിപ്പ് ₹	വ്യത്യാസം ₹
തനത് ഫണ്ട്-എസ് ബി ഐ	47172772	46905809	266963

അയ്യങ്കാളി തൊഴിലുറപ്പ്-കാനറ ബാങ്ക്	1344923	817711	527212
ഇ-പേയ്മെന്റ് – എസ് ബി ഐ	240331	321681	-81350

3. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇനം തിരിച്ചുള്ള വിവരങ്ങളുടെ സംക്ഷി എഴുതാത്തതിനാൽ B-7 പ്രകാരമുള്ള ഡെപ്പോസിറ്റ് തു പരിശോധിക്കാനായിട്ടില്ല.

4. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഇനം തിരി സംക്ഷിപ്തവും ആകെ തുകയും എഴുതാത്തതിനാൽ B-18 പ്രകാരമുള്ള കൃത്യത പരിശോധിക്കാനായിട്ടില്ല.

5. B-11 ഷെഡ്യൂളിന് അനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. B-4 ഷെഡ്യൂൾ പ്രകാരം ബാധ്യതയായി രേഖപ്പെടുത്തിയ വിവ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

7. തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് ഫീസ്, പെർമിറ്റ് ഫീ, വാടക പ കലക്ഷൻ, ബാലൻസ്, സംക്ഷിപ്തം എന്നിവ പരിശോധിക്കുന്നതിന് ര ലഭ്യമായിട്ടില്ല.

8. വാർഷിക കണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇന എന്നാൽ ടെണ്ടർ ഫോറം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

9. ഗ്രാമ പഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല മാത്രമാണ് 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെ 21 മാർച്ച് മാസത്തെ ജനപ്രതിനിധികളുടെ ഓണറേറിയം, ടെലഫോൺ ചാർജ്, എന്നിവയുടെ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

10. കാപ്പിറ്റൽ കോൺട്രിബ്യൂഷൻ (ഷെഡ്യൂൾ B-3) ഇനത്തിൽ കാലികമാക്കിയിട്ടില്ല. മുൻ വർഷത്തെ തുകയായ ₹73724202 യാണ് രേഖ

11 2020-21 സാമ്പത്തിക വർഷം ആസ്തികളുടെ ഡിപ്രീസിയേഷൻ കണ & എക്സ്പെന്റിച്ചർ പത്രികയിൽ പ്രസ്തുത ഷെഡ്യൂൾ ഉൾപ്പെടുന്നില്ല ഡിപ്രീസിയേഷൻ ഇനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് രേഖ

12. വിവിധ ഡിമാന്റുകളിൽ വ്യത്യാസം വരുത്തുന്നതിനാ ഉൾപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

14 ബി-9 ഷെഡ്യൂളിൽ വിവിധ ബാധ്യതകൾക്കായി ഉൾപ്പെടുത്തിയ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

15. ദുരിതാശ്വാസ നിധി B-2 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹10350) B-17 6 തുകയുമായി പൊരുത്തപ്പെടുന്നില്ല.

16. B-14 ഷെഡ്യൂൾ പ്രകാരമുള്ള ക്ലോസിംഗ് സ്റ്റോക്ക് - ₹125120 ലഭ്യമാക്കിയിട്ടില്ല.

17. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റ് എന്നിവയ്ക്ക് മുൻകൂർ നൽകിയത് RP-41 ഷെഡ്യൂളിൽ ചേർത്തിട്ടില്ല തുക B-18 ഷെഡ്യൂളിൽ ചേർത്തിട്ടില്ല.

18. കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിന്റെ വർക്ക് ഷീറ്റ് തയ്യാറാക പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

19. വാർഷിക കണക്കുകളിലെ പൊരുത്തക്കേട് സംബന്ധിച്ച കുറിപ്പ തയ്യാറാക്കിയിട്ടില്ല.

20. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58(1)F, നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

21. വസ്തു നികുതി - സഞ്ചയ ആപ്ലിക്കേഷനിൽ നിന്നുള്ള ഡി സി ബി പ ലഭ്യമാക്കിയിട്ടില്ല.

22. 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ നികുതി കുടിശ്ശിക ₹497291 യാണ്. 2020-21 സാമ്പത്തിക വർഷം (RP- വരവായി ₹2993041 യാണ് ചേർത്തിട്ടുള്ളത്.

23. B-15 ഷെഡ്യൂളിൽ വസ്തു നികുതി കുടിശ്ശികയ്ക്ക് (₹868793) ആനുപാ ലൈബ്രറി സെസ്സ് ഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

1-2 വാർഷിക ധനകാര്യ പത്രിക.

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി
31-7-2021	11-8-2021	തിരിച്ചയച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രിക 31-07-2021നകം ഓഡിറ്റിന് ഹാജരാക്കണമെ പാലിച്ചിട്ടില്ല.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ്

വർഷം	2020-21
മുന്നിരിപ്പ്	63202408
വരവ്	211660148
ആകെ	274862556
ചെലവ്	204386441
നീക്കിയിരിപ്പ്	70476115
വരവിനങ്ങളിലെ നഷ്ടം	ഇല്ല

ചെലവിനങ്ങളുടെ നഷ്ടം	4580
തടസ്സപ്പെടുത്തിയ തുക	ഇല്ല

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ	0	38287447	38287447	36131879	2155568
വികസന ഫണ്ട്-എസ്.സി.പി	0	1615000	1615000	1606138	8862
വികസന ഫണ്ട്-ടി എസ് പി	0	234700	234700	0	234700
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്	0	47346429	47346429	30287803	17058626
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട്	0	17510000	17510000	13745387	3764613
മെയിന്റനൻസ് ഫണ്ട് - നോൺറോഡ്	0	7204388	7204388	7162434	41954
മെയിന്റനൻസ് ഫണ്ട് - റോഡ്	0	22305000	22305000	22286912	18088
കേന്ദ്രാവിഷ്കൃത ഫണ്ട്					
NULM	361519	1855409	2216928	61	2216867
SBM	3637991	3000	3640991	1986909	1654082
RMSA	43141	505932	549073	61	549012
IDSMT	1170008	25829	1195837	1170000	25837
PMAY	2290463	19082124	21372587	18315518	3057069
MP FUND	0	1123748	1123748	0	1123748
സംസ്ഥാന സർക്കാർ ഗ്രാന്റ്	1316537	42189	1358726	36	1358690

(ക്ലീൻ കേരള)					

1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ കൊടുക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ ₹	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് ₹	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തത് (എണ്ണം)
212	192991603	183	142188234	14	29

ക്രമ നമ്പർ	നിർവ്വഹണ ഉദ്യോഗസ്ഥർ	പ്രോജക്ടുകളുടെ എണ്ണം		ആകെ അടങ്കൽ	ചെലവഴിച്ച തുക	ചെ
		ഏറ്റെടുത്തത്	നടപ്പിലാക്കിയത്			
1	സെക്രട്ടറി	45	40	53023076	48218187	9
2	പ്രോജക്ട് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജന സെൽ	15	11	5175453	3146344	6
3	മുനിസിപ്പൽ എഞ്ചിനീയർ	86	73	97423916	67354811	6
4	ഹെൽത്ത് ഓഫീസർ	7	4	9255300	1708983	1
5	കൃഷി ഓഫീസർ	15	15	5998585	3899008	
6	മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ	9	9	8286665	7378662	8
7	മെഡിക്കൽ ഓഫീസർ ആയുർവേദം	2	2	1231000	1224991	9
8	മെഡിക്കൽ ഓഫീസർ ഹോമിയോ	2	2	330000	309946	9

9	സീനിയർ വെറ്റിനറി സർജൻ	12	12	3005000	2143124	
10	ICDS സൂപ്പർവൈസർ	4	2	3246971	3162781	
11	ഹെഡ് മാസ്റ്റർ ജി.യു.പി.എസ്	13	13	3957637	3641397	
12	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	2	0	2058000	0	
	ആകെ	212	183	192991603	142188234	

1-6 അയ്യങ്കാളി- തൊഴിലുറപ്പ് പദ്ധതി

മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
143	9602474	9602617	8784906	817711

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളെ
താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക ₹
കർഷകതൊഴിലാളി പെൻഷൻ	3115700	206
വിധവാ പെൻഷൻ	21237700	1420
വാർദ്ധക്യകാല പെൻഷൻ	30096500	2321
വികലാംഗ പെൻഷൻ	5075700	346
അവിവാഹിത പെൻഷൻ	5355200	367
വിവാഹ ധനസഹായം	1260000	42

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമ പരിശോധന 19-7-2022 ന് 3.05 Pm സമയത്ത് സൂപ്രണ്ടിന്റെ സാന്നിധ്യത്തി പരിശോധനയിൽ ₹58,581 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ

1-9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും മുനിസി നിയന്ത്രണ സംവിധാനം തൃപ്തികരമാണെന്ന് ബോധ്യപ്പെടുകയുണ്ട സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണ ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം സ്റ്റാഫ് മീറ്റിംഗ് ചേർന്ന് തീരുമാനങ്ങൾ സ്റ്റാഫ് മീറ്റിംഗിൽ മുൻപത്തെ യോഗ തീരുമാനങ്ങൾ നടപ്പിലാക്കി വിലയിരുത്തിക്കാണുന്നില്ല. തൻവർഷവും 100 % പിരിവ് കൈ നികുതിയേതര വരവിനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാ ₹1,70,18,157 കുടിശ്ശികയുണ്ടെങ്കിലും ഈ തുക പിരിച്ചെടുക്കുന്ന സ്വീകരിച്ചിട്ടില്ല. കുടിശ്ശിക പിരിച്ചെടുക്കുന്നത് സംബന്ധിച്ചുള്ള വിഷ അജണ്ടയായി ഉൾപ്പെടുത്തിയിട്ടുമില്ല.

1-10 വാർഡ് സഭ

മുനിസിപ്പാലിറ്റിയിലെ 28 വാർഡുകളിലും 2020-21 ൽ ഒരു തവണ മ യോഗം ചേർന്നിട്ടുള്ളത്. യോഗത്തിൽ കവറം തികഞ്ഞിട്ടുണ്ട്. വ തീരുമാനങ്ങൾ രേഖപ്പെടുത്തിയതിൽ പങ്കെടുത്ത ഗുണഭോക്താക്കളു 15 പേരെങ്കിലും ഒപ്പു വെക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

1-11 റദ്ദാക്കിയ രസീത് പ്രകാരം വരവ് ചേർത്തു

സാംഖ്യ സോഫ്റ്റ്വെയറിലെ ക്യാൻസൽ ചെയ്ത രസീതിയുടെ ലിസ്റ്റും ബുക്കും പരിശോധിച്ചപ്പോൾ രസീത് റദ്ദാക്കിയിട്ടുണ്ടെങ്കിലു സോഫ്റ്റ്വെയറിൽ വരവ് വെച്ചതായി കാണുന്നു. വിശദ വിവരങ്ങൾ

ക്രമ നമ്പർ	റദ്ദാക്കിയ രസീത് നമ്പർ/ തീയതി	കെട്ടിട നമ്പർ	കെട്ടിട ഉടമസ്ഥൻ	സഞ്ചയയിൽ വരവ് രേഖപ്പെടുത്തിയ നികുതി
1	120010100117 25/05/2020	13/6 D	പറമ്പൻ മനോഹരൻ	₹748
2	120010100926 17/06/2020	28/69	ഉള്ളി വീട്ടിൽ ജമീല	₹83
3	120010104144 07/10/2020	3/288	പുഷ്പവല്ലി	₹573
4	120010104814 23/10/2020	25/836	എ. ബി. ലക്ഷ്മണൻ	₹931

5	120010106788 17/12/2020	7/35	മലപ്പൊതിയൻ മൂസ	₹102
			ആകെ	2437

ഇതു സംബന്ധിച്ച് 20/19-07-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക മറുപടിയിൽ സാങ്കേതിക തകരാറ് മൂലം പിഴവ് സംഭവിച്ചതാ റദ്ദാക്കിയ രസീത് പ്രകാരം സഞ്ചയയിൽ വരവ് ചേർത്ത് നഷ്ടമാവാനിടയുണ്ട്. ആയത് പരിശോധിച്ച് തുക നഷ്ടമായിട്ടു ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതും ക്യാൻസൽ ചെയ്ത ര സഞ്ചയയിൽ വരവ് വെച്ചതെന്ന് വ്യക്തമാക്കേണ്ടതുമാണ്. ഭാവിയി ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-12 വരവിനങ്ങളിലെ കുടിശ്ശിക ഈടാക്കിയില്ല

കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയുടെ 2020-21 വർഷത്തെ വാർഷിക ധ ബി-15 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന തുക പിരിച്ചെടുക്കാൻ ബാക്

ക്രമ നമ്പർ	നികുതി ഇനം	31-3-2021 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള കുടിശ്ശിക	
		തൻവർഷം	മുൻവർഷം
1	വസ്തുനികുതി	₹ 8,68,793	-
2	തൊഴിൽനികുതി ട്രേഡേഴ്സ് / ഇൻസ്റ്റിറ്റ്യൂഷൻ	₹ 1,15,972	₹ 6,07,537
3	വാടക (From Civic Amenities)	₹5,31,589	-
4	ലൈസൻസ് ഫീ	₹ 1,00,840	₹ 1,13,875
5	സർവീസ് സെസ്	₹64,507	-
6	റിസീവബിൾസ് ഫോർ അതർ ഫീസ്	-	₹ 4,83,000
7	മറ്റു വരവുകൾ	-	₹ 14,132,044
	ആകെ	₹16,81,701	₹ 1,53,36,456

മേല്പറഞ്ഞ വരവിനങ്ങളിലൊന്നും തൻവർഷ വരവുകളുടേയും ഡിമാന്റ് - കളക്ഷൻ - ബാലൻസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അതുക

പത്രികയിൽ ചേർത്ത ഡിമാന്റുകളുടേയും വരവുകളുടേയും ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. നഗരസഭ കുടിശ്ശിക നാളിതുവരെ സ്വീകരിച്ച നടപടികളും കുടിശ്ശിക പിരിച്ചെടുത്ത ലഭ്യമാക്കാൻ 11/16-07-2022 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷ മറുപടിയിൽ നിലവിലുള്ള കുടിശ്ശിക സംബന്ധിച്ച് താഴെ പറയും ലഭ്യമാക്കിയിട്ടുണ്ട്.

വാടക

വാടക കുടിശ്ശിക ഇനത്തിലെ ₹531589 യിൽ ₹87000 കൈവശക്കാരുടെ നിന്നും ഈടാക്കി മുറികൾ തിരിച്ചെടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും കുടിശ്ശിക വരുത്തിയവർക്ക് പലതവണ നോട്ടീസ് നൽ അടവാക്കാത്തവർക്കെതിരെ 15-06-2022 തിയ്യതിയിലെ ഒന്നാം നമ്പ ഡെപ്പോസിറ്റ് തുകയിൽ നിന്നും വാടക കുടിശ്ശിക ഈടാക്കി മു ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

തൊഴിൽ നികുതി

തൊഴിൽ നികുതി ഇനത്തിലെ കുടിശ്ശികയായ ₹7,23,509 (₹1,15,972 പിരിച്ചെടുത്തിട്ടുണ്ടെന്നും ബാക്കി തുക പിരിച്ചെടുക്കുന്നതിനുള്ള ന വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

വസ്തു നികുതി

വസ്തു നികുതി ഇനത്തിലുള്ള തുക പിരിച്ചെടുക്കുന്നതിനായി ഡിമാന്റ് അയച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

മുഴുവൻ വരവിനങ്ങളുടെയും ഡിസിബി കൃത്യതയോടെ തയ്യാറാക്ക പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കുന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും നഗരസഭ ശ്രദ്ധയിൽപെടുത്തുന്നു.

1-13 വസ്തു നികുതി-ഭേദഗതി ഉത്തരവ് പ്രകാരമുള്ള വ നികുതി നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല.

കെട്ടിടങ്ങളുടെ വസ്തു നികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ട സ തീയതി 14-1-2011 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചില വിഭാഗങ്ങ സ.ഉ (അ) നമ്പർ 82/2019/തസ്വഭവ. തീയതി 18-11-19, സ.ഉ (അ) നമ്പർ 52/202 2020 എന്നീ ഉത്തരവുകൾ പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. പ്ര ഉൾപ്പെട്ട ഓരോ വിഭാഗം കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തുനി ഏറ്റവും കൂടിയതും കുറഞ്ഞതുമായ നിരക്ക് എത്രയാണെന ആയതിനനുസരിച്ച് ഓരോ നഗരസഭയും അതത് നഗരസഭയ്ക്ക ബാധ വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. ഉ നഗരസഭയ്ക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് ന ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കേണ്ടതാണെന്നറിയിച്ചു കൊണ്ട് 19/18-7- ഓഡിറ്റ് എൻകയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നികുതി ന കൗൺസിൽ തീരമാനം എടുത്തിട്ടുണ്ടെന്നും എന്നാൽ വിജ്ഞാപ അറിയിച്ചിട്ടുണ്ട്. അടിസ്ഥാന നികുതി നിരക്കുകൾ വിജ്ഞാപനം നികുതി നിരക്കുകൾ രേഖപ്പെടുത്തേണ്ടതാണ്.

1-14 വിമുക്ത ഭടന്മാരുടെ വീടുകൾക്ക് നികുതി ഇളവ് അനുവദിച്ചത് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല.

2020-21 സാമ്പത്തിക വർഷം വിമുക്ത ഭടന്മാരുടെ വീടുകൾക്ക് നികു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ, നികുതി ഇളവ് അ ലഭിച്ച അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ആകെ 126 വാസ ഇളവ് അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചതായോ നികുതി രേഖപ്പെടത്തി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	കെട്ടിട ഉടമസ്ഥൻ	നികുതി കളക്ഷൻ വിവരങ്ങൾ
1	15/248	വനജ എം	2015 -16 വരെ ഈടാക്കി
2	19/91	രാമകൃഷ്ണൻ	2015 -16 വരെ ഈടാക്കി
3	17/110	പദ്മിനി കെ	2019-20 വരെ ഈടാക്കി
4	3/475	ഭാസ്കരൻ	2019-20 വരെ ഈടാക്കി
5	18/107	എം ശ്രീധരൻ	2015-16 ഒന്നാം അർദ്ധ വർഷം വരെ ഈടാക്കി
6	20/110	ലക്ഷ്മികുട്ടിയമ്മ	വിവരങ്ങൾ ലഭ്യമല്ല

മേൽ അപാകം സംബന്ധിച്ച് 17/18-7-2022 പ്രകാരം നൽകിയ ഒ ലഭ്യമാക്കിയ മറുപടിയിൽ സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി ഇളവ് പത്ത് വർഷത്തേക്ക് നികുതി ഇളവ് ലഭിക്കുന്നതായി കാണിക്കുന്നതി വർഷം നികുതി ഇളവിനായി സത്യവാങ്മൂലം സമർപ്പിക്കാതെ നികുതി ഈടാക്കാൻ സാധിക്കാതെ വരുന്നതിനാലാണ് സഞ്ചയ രേഖപ്പെടുത്താതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. സഞ്ചയ സോഫ രേഖപ്പെടുത്താത്തതിനാൽ യഥാർത്ഥത്തിലുള്ള നികുതി കുടിശ്ശികയേ കുടിശ്ശികയായി കാണിക്കാനിടയുണ്ട്. അതിനാൽ സഞ്ചയ ഇത്തരത്തിലുള്ള സാങ്കേതിക പ്രശ്നങ്ങൾ ഐ.കെ.എമ പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും ഇ കെട്ടിടങ്ങൾക്ക് സഞ്ചയയിൽ ഓരോ വർഷവും ഇളവ് രേഖപ്പെടുത്തേ

1-15 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാ

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം നഗരസഭാ പരിധിയിൽ 11 പ്രവർത്തിച്ചു വരുന്നുണ്ട്. ടവറുകളുടെ വസ്തു നികുതി ഈടാക്കു പരിശോധിക്കുന്നതിന്റെ ഭാഗമായി സഞ്ചയ സോഫ്റ്റ്വെയർ പരി ചേർക്കുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഉള്ളതാ

ക്രമ നമ്പർ	വാർഡ്/കെട്ടിട	മൊബൈൽ ടവർ ഉടമസ്ഥൻ	വസ്തുനികുതി കുടിശ്ശിക	കുടിശ്ശിക കാലയളവ്

	നമ്പർ		(രൂപ)	
1	1/140/A	Indus Towers Limited	21340	2018-19 ഒന്നാം അർദ്ധ വർഷം മുതൽ
2	5/56/	Nishanth M	33989	2017-18 രണ്ടാം അർദ്ധ വർഷം മുതൽ
3	9/246/	The General Manager ,Telecom District,Thavakkara Road,Kannur	11974	2020-21ഒന്നാം അർദ്ധ വർഷം മുതൽ
4	25/1044/	Premkrishnan Nair Indus Towers, Kochi	37800	2018-19ഒന്നാം അർദ്ധ വർഷം മുതൽ
			105103	

മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശികയടക്കം ഇ
ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നറിയിച്ച് കൊ
നൽകിയ ഓഡിറ്റ് എൻകയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശി
നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. നിയമാനുസൃത ന
മൊബൈൽ ടവറിന്റെ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാ

1-16 അനധികൃത കെട്ടിട നിർമ്മാണം- തുടർനടപടി സ്വീകരിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകപ്പിന്റെ 19.05.2014 തിയതിയിലെ 29342/ആർ.എ
സർക്കുലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനധികൃത
സൂക്ഷിക്കേണ്ടതിനെക്കുറിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട
വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. നഗരസഭയിൽ പരിപാലിച്ച
നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചു

1. സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ നിന്നുള്ള റി
നഗരസഭയിൽ 3 അനധികൃത കെട്ടിടങ്ങളാണുള്ളത്. എന്നാൽ അ
രജിസ്റ്റർ പ്രകാരം നഗരസഭയിൽ 191 അനധികൃത കെട്ടിടങ്ങളുണ്ട്
കെട്ടിടങ്ങളുടെയും ചട്ടലംഘനങ്ങൾ പരിഹരിക്കപ്പെട്ടതിന്റെ

ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവ
രേഖപ്പെടുത്തിയിട്ടില്ല.

2. സർക്കാർ ഉത്തരവ് നം. (എം.എസ്) 170/2016 തസ്വഭവ തീയതി 16.1
പ്രകാരം UA നമ്പർ നൽകുന്ന വീടുകളുടെ പൂർണ്ണ വിവരം നിർ
വ്യക്തമായി മനസ്സിലാക്കുന്ന വിധം ഫോട്ടോയെടുത്ത് മുനിസി
രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിപാലിക്കേണ്ട അ
രജിസ്റ്ററിന്റെ മാതൃക തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19.05.2014
ത.സ്വ.ഭ.വ സർക്കുലറിന്റെ അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്. എ
പരിപാലിച്ചു വരുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ ഈ മാതൃകയിൽ

4. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 ലെ നം.29342/RA1/2014/
പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ ഓ
അവസാനത്തെ ആഴ്ചയിൽ അനധികൃത നിർമ്മാണ രജിസ്റ്റർ പരി
നിർമ്മാണത്തിൻ മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ്
നടത്തിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അനധികൃ
ബന്ധപ്പെട്ട വിശദാംശങ്ങൾ ഓരോ മാസവും 25-ാം തിയതിക്ക് മുൻപ്
അയച്ചുകൊടുക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ
പാലിക്കുന്നുണ്ടോ എന്ന് വ്യക്തമല്ല.

5. UA നമ്പർ നൽകുന്ന കെട്ടിടങ്ങൾക്ക് ബാധകമാവുന്ന മൂന്നിര
ഈടാക്കുന്നുണ്ടോയെന്ന് വ്യക്തമല്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് 16/18-7-2022 പ്രകാരം നൽകിയ
ലഭ്യമാക്കിയ മറുപടിയിൽ നികുതി പരിഷ്കരണ സമയത്ത് ഏ
വന്നിട്ടുണ്ടോയെന്ന് സംശയമുള്ള കെട്ടിടങ്ങളാണ് ര
സൂക്ഷിച്ചിട്ടുള്ളതെന്നും പിന്നീട് പരിശോധന നടത്തി അനധികൃതമ
കെട്ടിടങ്ങൾ 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും
സർചാർജ്ജും) ചട്ടങ്ങളിൽ അനുശാസിച്ചിട്ടുള്ള ചട്ടപ്രകാ
ചേർത്തിട്ടുണ്ടെന്നും അത്തരം കെട്ടിടങ്ങൾക്ക് മൂന്നിരട്ടി നികുതി
നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇ
രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നഗരസഭ പരിധിയിലുള്ള
കെട്ടിടങ്ങളുടെയും വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് കേരള മുനിസിപ്
242 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 തൊഴിൽ നികുതി - അപാകങ്ങൾ

1. ഓഡിറ്റിന് ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്റർ പരി
നഗരസഭയിലെ വിവിധ വാർഡുകളിലുള്ള വ്യാപാരികളുടെ പേര്, മ
ചെയ്ത നികുതി എന്നിവ ചേർത്തിട്ടുണ്ട്. എന്നാൽ തൻവർഷം നി
വ്യാപാരികളിൽ നിന്നും നികുതി ഈടാക്കിയ വിവരങ്ങൾ ലഭ്യമല്ല.
ഡിമാന്റ്, കലക്ഷൻ, കുടിശ്ശിക എന്നിവ കണക്കാക്കി സംക്ഷിപ്ത
സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രിക ബി-
തൻവർഷം ഈ ഇനത്തിൽ ₹115972 കുടിശ്ശിക രേഖപ്പെടുത്തിയിട്ടു

കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ട നികുതി നിർണയിക്കുന്നതിലേക്കായി അർദ്ധ വാർഷിക വരുമാനം ബിസിനസ്സിനെ സംബന്ധിച്ച വിവരങ്ങളടങ്ങിയ റിട്ടേണുകൾ VI-ാ സത്യപ്രസ്താവന സഹിതം സെക്രട്ടറി ആവശ്യപ്പെടേണ്ടതാണെന്നും വരുമാനം കണക്കാക്കി നികുതി നിർണയിക്കേണ്ടതാണെന്നും നഗരസഭ പരിധിയിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരി റിട്ടേൺ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോയെന്നും വരുമാനത്തിനനുസൃതമായാണോ നികുതി ഡിമാന്റ് ചെയ്തിട്ടുള്ളതെ

3.തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ ന കണക്കാക്കുന്നതിനായി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്

1-18 തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മു ജീവനക്കാരും തൊഴിൽ നികുതി ഒടുക്കുന്നുണ്ടെന്ന് വരുത്തുന്നില്ല.

നഗരസഭ പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ ചട്ടത്തിൽ (2005 മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ട വേതനം കൈപ്പറ്റുകയും ചെയ്യുന്ന എല്ലാവരും നികുതി ഒടുക്കാൻ ബാ ഓഡിറ്റിനു ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചത് ജീവനക്കാരെയും നാമമാത്രമായ സ്വകാര്യ സ്ഥാപനങ്ങളിലെ ജീവ തൊഴിൽനികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളു. രണ്ടായ വ്യവസായ സ്ഥാപനങ്ങൾക്ക് നഗരസഭ ഡി & ഒ എസ് ലൈസൻസ് അ സർക്കാർ സ്ഥാപനങ്ങളിലെ ഉൾപ്പെടെ ആകെ 287 സ്ഥാപനങ്ങളിലെ ജ മാത്രമെ തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം നോട്ടീസ് നൽകി നിക 2020-21 കാലയളവിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധ വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നിക കാണുന്നില്ല. ഇത് സംബന്ധിച്ച് 18/18.7.2022 പ്രകാരം നൽകിയ ഒ കോവിഡ് സാഹചര്യമായതിനാൽ സ്ഥാപനങ്ങൾ പ്രവർത്തിച്ചിട്ടില്ല ലഭ്യമാക്കിയത്. ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി കേരള സെക്ഷൻ 253, 254 പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്ക നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിക്കേണ്ടതും വരു നിയമാനുസൃതമായ ഇളവുകളില്ലാത്ത എല്ലാ വിഭാഗം ജീവനക്കാര ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

1-19 ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കിയതി അപാകതകൾ

കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയിൽ വാണിജ്യ/വ്യവസാ കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തി വെയർ പ്രകാരം താഴെപ്പറയും പ്രകാരമാണ്.

ക്രമ നമ്പർ	കെട്ടിടങ്ങളുടെ തരം	എണ്ണം
1	100 M^2 വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ	2370
2	100 M^2 മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ	1177
3	200 M^2 വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ	19
4	200 M^2 മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ	539
5	വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ, തുടങ്ങിയവ	12
6	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്ററർ, ആഡിറ്റോറിയം, കല്ല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ	122
7	വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ്	70
8	ഇതര വ്യവസായങ്ങൾക്കുള്ളവ	22
	ആകെ	4331

വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി 4331 കെട്ടിടങ്ങൾക്ക് ന സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ മുനി 2020-21 വർഷം ഡി ആന്റ് ഒ ലൈസൻസ് നൽകിയതിന്റെ രേഖക വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 4331 കെട്ടിടങ്ങള മാത്രമേ വാണിജ്യ ഉപയോഗങ്ങൾക്കായി മുനിസിപ്പാലിറ്റിയിൽ എടുത്തിട്ടുള്ളു. ബാക്കിയുള്ള 2433 കെട്ടിടങ്ങളിൽ ഏതുത പ്രവർത്തിക്കുന്നത് എന്ന് വിവരം ലഭ്യമായിട്ടില്ല. ആകെ കെട്ടിട നമ 44% കെട്ടിടങ്ങളിൽ മാത്രമാണ് ലൈസൻസ് അനുവദിച്ച് വ പ്രവർത്തനങ്ങൾ നടത്തുന്നത്. ബാക്കിയുള്ള 56% കെട്ടിടങ്ങളിൽ വ്യാപാര-വാണിജ്യ പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുണ്ട്. സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നഗരസഭക്ക് വരുമാന

പൊതുജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും സാധ്യതയേറെയാണ്. ഇതു സംബന്ധിച്ച് 12/16.07.22 പ്രകാരം നൽകിയ ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥ ആയവയിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നട വരികയാണെന്നും അറിയിച്ചിട്ടുണ്ട്. വാണിജ്യാവശ്യത്തിന് നമ്പർ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിക്കേണ്ടതും ലൈസൻസ് പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച ലഭ്യമാക്കേണ്ടതുമാണ്.

1-20 ഭേദഗതി ഉത്തരവിനു ശേഷമുള്ള എഫ്.ടി.ഇ.ആ ലൈസൻസ് പുതുക്കാനുള്ള അപേക്ഷകളിലെ മൂലധ പരിശോധിക്കപ്പെടുന്നില്ല.

സർക്കാർ ഉത്തരവ് (പി)നമ്പർ 62/20 ത.സ്വ.ഭ.വ തീ.30-10-2020 പ്രകാരം (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2020 ചട്ടം 7ലെ പട്ടിക മൂന്ന് പ്രകാരം വിവിധ വ്യവസായങ്ങൾ ഫാക്ടറികൾ വ പ്രവർത്തനങ്ങൾ മറ്റു സേവനങ്ങൾ എന്നിവയെ ഉൽപാദന മേ എന്നിങ്ങനെ തരം തിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാന ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ കൂത്തുപറമ്പ് മുനിസിപ്പാ പുതുക്കാൻ സമർപ്പിച്ച അപേക്ഷകളിൽ മൂലധന നിക്ഷേപം കണ ഫീൽഡ് പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ല. ലൈസൻ സമർപ്പിക്കുന്ന അപേക്ഷകളിൽ രേഖപ്പെടുത്തുന്ന തുകയാണ് മൂ എടുക്കുന്നത്. ഇത് സംബന്ധിച്ച് 9/14.07.2022 പ്രകാരം നൽകിയ ഓഡിറ്റ ഉത്തരവ് പ്രകാരം മൂലധനം പരിശോധിക്കുന്നതിന് കൂടുതൽ വ്യക്ത ലൈസൻസികൾ ഹാജരാക്കുന്ന സത്യവാങ്മൂലം അടിസ അടവാക്കുന്നതെന്നാണ് മറുപടി നല്കിയത്. വലിയ മുതൽ മുടക്കു ഇപ്രകാരം അപേക്ഷകൻ രേഖപ്പെടുത്തുന്ന മൂലധന നിക്ഷേപം ആധ ഫീ കണക്കാക്കുന്നത് വരുമാന ചോർച്ചയ്ക്ക് കാരണമാകുന്നതാണ്. നടത്തി മൂലധന നിക്ഷേപത്തിന്റെ ആധികാരികത ഉറപ്പു വരുത്തേണ്ട

1-21 സെക്രട്ടറിയുടെ ശമ്പളം സഞ്ചിത നിധിയിലേക്ക് അടവാക്കേണ്ടതാണ്.

1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3), കേരളാസ റൂൾ 146 എന്നിവ പ്രകാരം മുനിസിപ്പൽ സെക്രട്ടറി ഒരു സർക്കാർ ഉദ്യോ ശമ്പളവും അലവൻസുകളും സംസ്ഥാനത്തിന്റെ സഞ്ചിത പിൻവലിക്കേണ്ടതും ടിയാന്റെ സേവനം നഗരസഭയ്ക്കായി വിട്ടു പ്രസ്തുത തുകകളും പെൻഷൻ അംശദാനവും മുനിസിപ്പാലിറ്റി തനതു തോറും തിരികെ സർക്കാരിലേയ്ക്ക് അടയ്ക്കണ്ടതുമാണ്. എന്നാൽ 2011 വരെയുള്ള ശമ്പളവും, അലവൻസുകളും, പെൻഷൻ അംശദാന നിധിയിലേക്ക് അടവാക്കിയിട്ടുള്ളൂ എന്നും 2011 മെയ് മാസം അടവാക്കാൻ ബാക്കിയുണ്ടെന്നുമാണ് ഇത് സംബന്ധിച്ച് 21/19-07-2022 ദ

എൻകപയറിക്ക് മറുപടി നല്കിയിട്ടുള്ളത്. 2020-21 വർഷം ഒടുക്ക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	മാസം	തുക
1	3/2020	56710
2	4/2020	45368
3	5/2020	45733
4	6/2020	45368
5	7/2020	45733
6	8/2020	45733
7	9/2020	56710
8	10/2020	56710
9	11/2020	56710
10	12/2020	56710
11	1/2021	56710
12	2/2021	56710
	ആകെ	624905

സെക്രട്ടറിയുടെ ശമ്പളം സഞ്ചിത നിധിയിലേക്ക് തിരികെ അടവാക്കു സ്വീകരിക്കേണ്ടതാണ്.

1-22 കപാർട്ടേഴ്സ് വാടകയും വീട്ടുവാടക ബത്തയും ഒ അനുവദനീയമല്ല- ₹21000 തിരിച്ചടക്കേണ്ടതാണ്

സ്വന്തമായി കപാർട്ടേഴ്സ് ലഭ്യമല്ലാത്ത മുനിസിപ്പാലിറ്റി /കോർപ്പറേ വാടക ഇനത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തനത് ഫ അനുവദിക്കാൻ ജി.ഒ.(ആർ.ടി) നം.15/2017/തസ്വഭവ/ തീയതി. 10.01.20 അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നഗരസഭ നെ കപാർട്ടേഴ്സിന്റെ വാടകയായി പ്രതിമാസം ₹7000 വീതം നഗരസഭയുടെ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നഗരസഭ സെക്രട്ടറിയായ ശ്രീ. സജിത് കു ശമ്പളത്തോടൊപ്പം വീട്ടുവാടക ബത്തയും കൈപ്പറ്റിയിട്ടുണ്ട്. കേര പ്രകാരം വീട്ടു വാടക അലവൻസ് ഒരു പരിഹാരവേതനം (Compen നഗരസഭ വീട്ടുവാടക നൽകുന്നതിനാൽ ജീവനക്കാരന് വീട്ടു അർഹതയില്ല. ഈ സാഹചര്യത്തിൽ നഗരസഭ വാടക നൽകുന്ന കപാ നഗരസഭ സെക്രട്ടറിക്ക് വീട്ടുവാടക അലവൻസ് അനുവദിച്ചത് ക്ര

ശമ്പളത്തോടൊപ്പം വീട്ട് വാടക ബത്തയും സെക്രട്ടറി ക്ലെയിം
വാടകയും, വീട്ട് വാടക ബത്തയും അനുവദിച്ചതിന്റെ വിശദവിവരം ച

ക്രമ നമ്പർ	മാസം	വൗച്ചർ നമ്പർ/ തീയതി	തുക ₹	ശമ്പള ബിൽ പ്രകാരം(ട്രഷറി) അനുവദിച്ച എച്ച് ആർ എ
1	03/2020	17/ 01-04-2020	7000	1750
2	04/2020	74/ 04-05-2020	7000	1750
3	05/2020	127/ 02-06-2020	7000	1750
4	06/2020	194/ 02-07-2020	7000	1750
5	07/2020	257/ 03-08-2020	7000	1750
6	08/2020	355/ 26-08-2020	7000	1750
7	09/2020	416/ 06-10-2020	7000	1750
8	10/2020	507/ 04-11-2020	7000	1750
9	11/2020	582/ 03-12-2020	7000	1750
10	12/2020	638/ 01-01-2021	7000	1750
11	01/2021	734/ 01-02-2021	7000	1750
12	02/2021	817/ 01-03-2021	7000	1750
		ആകെ		21000

വീട്ട് വാടക ബത്ത ക്ലെയിം ചെയ്ത കാലയളവിൽ ക്വാട്ടേഴ്സ് വാടക അന
31/21-07-2022 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അധികമ
തിരിച്ചടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെ
₹21000 തിരിച്ചടക്കേണ്ടതാണ്.

1-23 വിവിധ സാമൂഹ്യ സുരക്ഷാപെൻഷനുകൾ-ഗുണ മരണപ്പെട്ട ശേഷവും പെൻഷൻ അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നു

മുനിസിപ്പാലിറ്റിയിലെ മരണ രജിസ്റ്റർ പ്രകാരം ഈ മുനിസിപ്പാലിറ്റ
ചെയ്തിട്ടുള്ളതും ക്ഷേമ പെൻഷൻ കൈപ്പറ്റി വന്നിരുന്നതുമായ ഏ
വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധിച്ചപ്പോൾ
ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക അനുവദി
സാധിച്ചു.

